milma®

**Malabar Regional Co-operative Milk Producers' Union Ltd.**

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU:P&I:311:LIC:2023: 482 25.10.2023

**സർക്കുലർ നമ്പർ 953/2023**

**വിഷയം: ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി തുടർന്ന് നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

**സൂചന : ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ച 20.10.2023 തീയ്യതിയിലെ അറിയിപ്പ്**

മലബാർ മേഖലാ യൂണിയനിലെ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷന്റെ കോഴിക്കോട് ഡിവിഷണൽ ഓഫീസിലെ പെൻഷൻ ആന്റ് ഗ്രൂപ്പ് സ്കീംസ് (പി ആന്റ് ജി എസ്) വകുപ്പ് മുഖേന നടപ്പിലാക്കിയിരുന്ന **ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി,** 01.12.2023 ന് അവസാനിക്കുകയാണ്. കഴിഞ്ഞ വർഷത്തെ പദ്ധതികാലയളവിൽ നാളിതുവരെ 31 എണ്ണം കർഷകരുടെ ആശ്രിതർക്ക് ഇൻഷൂറൻസ് പരിരക്ഷയായി **പതിനാല് ലക്ഷം** രൂപ ലഭിക്കുകയുണ്ടായി. ആയതിനാൽ തുടർന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മേഖലാ യൂണിയൻ തീരുമാനിച്ചിരിക്കുകയാണ്.

ഈ വർഷം പ്രസ്തുത പദ്ധതി കൂടുതൽ പ്രയോജന പ്രദമാകുവാൻ രണ്ട് ലക്ഷം രൂപ വരെ ആനുകൂല്യം ക്ഷീര കർഷകരുടെ ആശ്രിതർക്ക് ലഭിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. പ്രസ്തുത ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നവർ മരണപ്പെട്ടാൽ (സ്വാഭാവിക മരണം/അപകട മരണം) ആശ്രിതർക്ക് ഒറ്റ തവണ ധനസഹായം ലഭിക്കുന്നതാണ് പദ്ധതി. **18 മുതൽ 65 വയസ്സുവരെയുള്ള** ക്ഷീര കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുക. **18 മുതൽ 60 വയസ്സ് വരെയുളള ക്ഷീര കർഷ കർക്ക് 20,000 മുതൽ 2,00,000 രൂപവരെയുള്ള ആനുകൂല്യം ലഭിക്കുന്ന കാറ്റഗറിയിൽ ചേരാവുന്നതാണ്, എന്നാൽ 61 മുതൽ 65 വയസ്സ് വരെയുളളവർക്ക് 50,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്ന കാറ്റഗറിയിൽ മാത്രമേ അംഗങ്ങളാകാൻ സാധിക്കുകയുളളു.**

പ്രീമിയവും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>പദ്ധതിയുടെ വിശദാംശങ്ങൾ:-</u>**

- ഒരു വർഷകാലയളവോടുകൂടിയ 10 കാറ്റഗറിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ മേഖലാ യൂണിയൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഏത് കാറ്റഗറിയിൽ അംഗങ്ങളാകണമെന്ന് കർഷകർക്ക് തീരുമാനിക്കാവുന്നതാണ്.
- ഈ പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ സ്വാഭാവിക മരണത്തിനും അപകട മരണത്തിനും പദ്ധതി കാറ്റഗറി അനുസരിച്ച് ഇരുപതിനായിരം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ ധനസഹായമായി ആശ്രിതർക്ക് ലഭിക്കുന്നതാണ്.
- ഈ സാമ്പത്തിക വർഷത്തിൽ ആനന്ദ് മാതൃകാ സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്കാണ് ഈ പദ്ധതിയിൽ ചേരാനുള്ള അവസരം ലഭിക്കുക.
- ഇതിന്റെ പ്രീമിയം തുക താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | കാറ്റഗറി | ആളോഹരി പ്രീമിയം (രൂപ) (GST ഉൾപ്പെടെ ) | മിൽമ വിഹിതം (രൂപ) | കർഷകൻ നൽകേണ്ടത് (രൂപ) |
|---|---|---|---|---|
| 1 | 20,000/-രൂപയുടെ ആനുകൂല്യം | 54.28 | 30.28 | 24 |
| 2 | 30,000/-രൂപയുടെ ആനുകൂല്യം | 81.42 | 35.42 | 46 |
| 3 | 40,000/-രൂപയുടെ ആനുകൂല്യം | 108.56 | 40.56 | 68 |
| 4 | 50,000/-രൂപയുടെ ആനുകൂല്യം | 135.70 | 45.7 | 90 |
| 5 | 75,000/-രൂപയുടെ ആനുകൂല്യം | 203.55 | 60.55 | 143 |
| 6 | 1,00,000/-രൂപയുടെ ആനുകൂല്യം | 271.40 | 70.4 | 201 |
| 7 | 1,25,000/-രൂപയുടെ ആനുകൂല്യം | 339.25 | 80.25 | 259 |
| 8 | 1,50,000/-രൂപയുടെ ആനുകൂല്യം | 407.10 | 90.1 | 317 |
| 9 | 1,75,000/-രൂപയുടെ ആനുകൂല്യം | 474.95 | 120.95 | 354 |
| 10 | 2,00,000/-രൂപയുടെ ആനുകൂല്യം | 542.80 | 150.8 | 392 |

കർഷകന്റെ വിഹിതം പൂർണ്ണമായി കർഷകനോ, കർഷകനും ക്ഷീര സംഘവും സംയുക്തമായോ വഹിക്കാവുന്നതാണ്. മേഖലാ യൂണിയൻ വിഹിതം കഴിച്ചുള്ള തുക സംഘങ്ങളുടെ പാൽ വിലയിൽ നിന്നും റിക്കവറി നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് പി ആന്റ് ഐ ജില്ല/ യൂണിറ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പദ്ധതിയിൽ ചേരുവാൻ താൽപര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങൾ ഓരോ ക്ഷീര സംഘങ്ങളും അതത് പി ആന്റ് ഐ ഓഫീസിലേയ്ക്ക് ഇ-മെയിൽ മുഖാന്തിരം **10.11.2023** ന് മുൻപായി നൽകേണ്ടതാണ്. സംഘങ്ങളിൽ നിന്നുള്ള എൻട്രോൾമെന്റ് ഡാറ്റ ലഭിച്ചതിന് ശേഷം 01.12.2023 മുതൽ 30.11.2024 വരെ എൽ.ഐ.സി യുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി ആരംഭിക്കുന്നതാണ്.

മേൽ വിവരിച്ച ഇൻഷൂറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ മുഴുവൻ ക്ഷീര കർഷകരെയും അറിയിക്കുവാൻ താത്പ്പര്യപ്പെടുന്നു.

**മാനേജിംഗ് ഡയറക്ടർ**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. ★ No. D 89 (D) H.O. Calicut

എല്ലാ ആപ്കോസ് സംഘങ്ങൾക്കും

പകർപ്പ് :

1. എല്ലാ ജില്ല/പി&ഐ യൂണിറ്റ് മേധാവികൾക്കും - പദ്ധതിയിൽ ചേരുവാൻ താത്പ്പര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങൾ Google sheet-ൽ **15.11.2023** ന് മുൻപായി രേഖപ്പെടുത്തേണ്ടതാണ്.
2. എല്ലാ ഡയറി മാനേജർമാർക്കും.
3. എല്ലാ വകുപ്പ് മേധാവികൾക്കും, എച്ച്ഒ
4. പിഎസ്ടു എംഡി
5. www.mrcmpu.com/E-Stock Files.